## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1977

07.03.2017-ൽ മറുപടിയ്ക്ക്

## ബൈക്കുകളുടെ സാഹസികയാത്ര

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ.വിജയൻ പിള്ള | | ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി) | |
| (എ) | തിരക്കുള്ള സമയങ്ങളിൽ ദേശീയപാതകളിലും പി.ഡബ്ല്യൂ.ഡി റോഡുകളിലും വാഹനങ്ങൾ തിങ്ങിഞെരുങ്ങി പോകുന്ന സമയത്ത് ന്യൂ ജനറേഷൻ ബൈക്കുകളുമായി ചീറിപ്പാഞ്ഞുപോകുന്നതുമൂലം ഉണ്ടാകുന്ന, വഴിയാത്രക്കാരെ ഇടിച്ചു വീഴ്ത്തുന്നതുൾപ്പടെയുള്ള അപകടങ്ങൾ വർദ്ധിക്കുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മറ്റു രാജ്യങ്ങളിൽ പ്രധാന റോഡുകളിലൂടെ ഇത്തരം ബൈക്ക് യാത്ര നിരോധിച്ചിട്ടുണ്ടോ ; | (എ) | തിരുവനന്തപുരം നഗരത്തിലും എറണാകുളം നഗരത്തിലും ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റ് രാജ്യങ്ങളിലെ പ്രധാന റോഡുകളിൽ ബൈക്ക് യാത്ര നിരോധിച്ചതായ വിവരം ലഭ്യമല്ല. |
| (ബി) | കേരളത്തിലെ റോഡുകളിൽ ബൈക്കുകളുടെ സാഹസിക യാത്ര നിയന്ത്രിക്കുവാൻ | (ബി) | കർശന വാഹന പരിശോധന വഴി അപാകമായും അമിത വേഗതയിലും വാഹനം |

| | |
|---|---|
| എന്തെങ്കിലും നടപടി സ്വീകരിക്കുമോ ? | ഓടിക്കുന്ന വ്യക്തികളെ കണ്ടെത്തി ഇത്തരക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. കേരളത്തിലെ റോഡുകളിൽ പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഭീഷണി ഉയർത്തും വിധം ബൈക്ക് റേസിംഗ് നടത്തുന്നതിന് നിയമപരമായി അനുമതി ഇല്ല. ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതിന് പോലീസിലെ മോട്ടോർ വാഹന വകുപ്പിന് അധികാരമുണ്ട്. |

സെക്ഷൻ ഓഫീസർ